സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് ഖണ്ഡിക(സി) റൂൾ 2 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ & കമ്പനീസ്) റൂൾസ് 1971-ൽ ആവശ്യമായ ഭേദഗതി വരുത്തുക, സ്ഥാപനത്തിന്റെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുക, റൂൾസിന് സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ അംഗീകാരം ലഭ്യമാക്കുക എന്നീ നടപടികൾ പാലിക്കേണ്ടതുണ്ട്. നിയമനം പി.എസ്.സി. മുഖേനയല്ലാത്ത 45 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന നടപടികൾ മേൽപ്പറഞ്ഞ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മാതൃഭാഷയായ മലയാളത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

31(1276) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ ഓഫീസുകളിലും, മന്ത്രിമാരുടെ ഓഫീസുകളിലും ഫയലുകളും മറ്റും മലയാളത്തിൽ എഴുതണമെന്ന് പല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും മിക്ക വകുപ്പുകളിലും ഇംഗ്ലീഷിൽ ഫയൽ എഴുതുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) മാതൃഭാഷയായ മലയാളത്തെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ പോകുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മലയാളത്തിൽ ഫയലുകൾ എഴുതണമെന്ന് പൊതുനിർദ്ദേശം നിലവിലുണ്ടെങ്കിലും നൂറുശതമാനവും ഇതു നടപ്പാക്കുക എന്നത് പ്രായോഗികമല്ല. കേന്ദ്ര ഗവൺമെന്റ്, മറ്റു സംസ്ഥാന ഗവൺമെന്റുകൾ, കോടതികൾ, എംബസികൾ, കോൺസുലേറ്റുകൾ തുടങ്ങി ഇംഗ്ലീഷിൽ മാത്രം കത്തിടപാടുകൾ നടത്തേണ്ടി വരുന്ന സ്ഥാപനങ്ങളുണ്ട്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ കുറിപ്പുഫയൽ മലയാളത്തിൽ എഴുതണമെന്നും ബാക്കിയെല്ലായിടത്തും നിർബന്ധമായും മലയാളം ഉപയോഗിക്കണമെന്നും കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മലയാളം ഔദ്യോഗികഭാഷയാക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ കർശനമായ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സെക്രട്ടേറിയറ്റ് ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഔദ്യോഗികഭാഷാ ഉന്നതതല സമിതിയിലെ വിദഗ്ദ്ധാംഗങ്ങളും ഈ പരിശോധനയിൽ പങ്കെടുക്കാറുണ്ട്. താലൂക്ക്, ജില്ല, സംസ്ഥാനതലത്തിൽ പുരോഗതി വിലയിരുത്തുന്നുണ്ട്. ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ വകുപ്പുതലവൻമാരിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ശ്രേഖരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ഫാറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിന് അതതു വകുപ്പുകളിൽ പരിഭാഷാ സെല്ലുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഔദ്യോഗികഭാഷ സംബന്ധിച്ചുള്ള നടപടികളുടെ മേൽനോട്ടത്തിനും ഭാഷാ മാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിനുമായി ഭരണഭാഷ മലയാള മാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഏകോപനാധികാരികളെ നിയമിക്കാൻ നിർദ്ദേളിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ബോർഡുകളിൽ ഇംഗ്ലീഷിനൊപ്പം മലയാളത്തിലും വകുപ്പിന്റെ പേരും മറ്റും എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ സാങ്കേതികപദങ്ങൾ സമാഹരിച്ച് വകുപ്പുതല പദകോശങ്ങൾ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ നിർദ്ദേശങ്ങളുടെ പുരോഗതി വിലയിരുത്തി യുക്തമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മലയാളം മിഷന്റെ പ്രവർത്തനം

32(1277) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്ന പ്രവാസി കേരളീയരുടെ കുട്ടികളെ ലക്ഷ്യമാക്കി ആരംഭിച്ച 'മലയാളം മിഷന്റെ' പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ മലയാളം മിഷൻ രൂപീകരിച്ചിട്ടുണ്ട്;

(സി) ചെന്നൈയിൽ മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മലയാളം മിഷനിൽ നടപ്പാക്കിയിട്ടുള്ള പാഠ്യ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഗൾഫ് രാജ്യങ്ങളിൽ മലയാളം മിഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ കീഴിൽ രൂപം കൊടുത്ത മലയാളം മിഷന്റെ ഉദ്ഘാടനം 22-8-2009-ൽ ഡൽഹിയിൽ വച്ച് നടന്നു. സർഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ എന്നിങ്ങനെ മൂന്ന് കോഴ്സുകളായി വിവിധ കേന്ദ്രങ്ങളിൽ ഡൽഹിയിൽ മലയാളഭാഷാ പഠനം നടക്കുന്നുണ്ട്. നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി ശില്പശാലകൾ നടത്തി വരുന്നു. 2011 ജൂലൈയിൽ ആരംഭിക്കുന്ന പുതിയ അദ്ധ്യയന വർഷം മുതൽ ഈ പാഠ്യപദ്ധതി പ്രാബല്യത്തിൽ വരുത്താനാണ് സർക്കാരിന്റെ ശ്രമം.

LIBRARY ARCHIVES Kerala Legislative Assembly